"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പരപ്പനങ്ങാടി ഉപജില്ലാ സ്കൂൾ കലോത്സവത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2658/2022/LSGD തീയതി,തിരുവനന്തപുരം, 01-11-2022

---

പരാമർശം:- 1. പരപ്പനങ്ങാടി ഉപജില്ലാ സ്കൂൾ കലോത്സവ സംഘാടക സമിതി കൺവീനറുടെ 18.10.2022 ലെ അപേക്ഷ.

**ഉത്തരവ്**

പരപ്പനങ്ങാടി ഉപജില്ലാ സ്കൂൾ കലോത്സവം നവംബർ ആദ്യവാരത്തിൽ ചേലേമ്പ്ര എൻ.എൻ. എം ഹയർ സെക്കന്ററി സ്കൂളിൽ വെച്ച് നടക്കുന്നതായും 77 വിദ്യാലയങ്ങളിൽ നിന്നായി 5000 ത്തോളം കുട്ടികൾ പങ്കെടുക്കുന്ന കലാമേളയ്ക്ക് വൻ സാമ്പത്തിക ബാധ്യത വരുന്നതിനാൽ ഉപജില്ലയിൽ ഉൾപ്പെടുന്ന ചേലേമ്പ്ര,വള്ളിക്കുന്ന്, മൂന്നിയൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 30000 /-രൂപ വീതവും പരപ്പനങ്ങാടി,തിരൂരങ്ങാടി നഗരസഭകളിൽ നിന്നും 50000 /-രൂപ വീതവും മേളക്ക് സാമ്പത്തിക സഹായം അനുവദിക്കുവാൻ ഉത്തരവ് നൽകി സഹായിക്കണമെന്ന് സംഘാടക സമിതി കൺവീനർ പരാമർശം പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നവംബർ ആദ്യവാരത്തിൽ ചേലേമ്പ്ര എൻ. എൻ.എം ഹയർ സെക്കന്ററി സ്കൂളിൽ വെച്ച് നടക്കുന്ന പരപ്പനങ്ങാടി ഉപജില്ലാ സ്കൂൾ കലോത്സവത്തിന് ഉപജില്ലയിൽ ഉൾപ്പെടുന്ന ചേലേമ്പ്ര, വള്ളിക്കുന്ന്, മൂന്നിയൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 30000 /-രൂപ വീതവും പരപ്പനങ്ങാടി, തിരൂരങ്ങാടി നഗരസഭകളിൽ നിന്നും 50000 /-രൂപ വീതവും തനതു ഫണ്ടിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
കൺവീനർ, പരപ്പനങ്ങാടി ഉപജില്ലാ സ്കൂൾ കലോത്സവ സംഘാടക സമിതി.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by M.k.pradeesh Kumar

Date: 02-11-2022 16:41:20

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പി എസ്സിന്,

ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.